# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:24.03.2025**

### പ്രധാനവാർത്തകൾ

1. പ്രത്യേക ന്യൂനപക്ഷ വിഭാഗത്തിന് സംവരണം നൽകുന്നത് സംബന്ധിച്ച കർണാടക ഉപമുഖ്യമന്ത്രിയുടെ പ്രസ്താവനയെച്ചൊല്ലി പാർലമെൻറിൻറെ ഇരുസഭകളിലും ഇന്ന് പ്രതിഷേധം.

2. പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള കേരള വികസന മാതൃക അവതരിപ്പിക്കാൻ സാധിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഹരിതകേരള മിഷൻറെ പരിസ്ഥിതി സംഗമത്തിന് തിരുവനന്തപുരത്ത് തുടക്കം.

3. ലഹരി വ്യാപനത്തിനെതിരെ ജനകീയ ക്യാമ്പയിനുമായി സംസ്ഥാന സർക്കാർ. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് രൂപരേഖ തയ്യാറാക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ഉന്നതതല യോഗത്തിൽ തീരുമാനം.

4. ആരോഗ്യമേഖലയിലെ വിവിധ വിഷയങ്ങളിലെ ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്.

5. മുൻ കേന്ദ്രസഹമന്ത്രി രാജീവ് ചന്ദ്രശേഖർ ബി ജെ പി സംസ്ഥാന അധ്യക്ഷനായി ചുമതലയേറ്റു. കേരളത്തിൻറെ വികസനമാണ് ലക്ഷ്യമെന്ന് രാജീവ് ചന്ദ്രശേഖർ.

6. ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് - ലക്നൗ സൂപ്പർ ജയന്റ്സ് പോരാട്ടം.

&&&&&&&&&&&&&&&&&&

PNU TVPM

## ഹെഡ് ലൈൻ - 1

### പാർലമെന്റ്

ഒരു പ്രത്യേക ന്യൂനപക്ഷ വിഭാഗത്തിന് സംവരണം നൽകുന്നതിനായി ഭരണഘടനയിൽ മാറ്റം വരുത്തണമെന്ന കർണാടക ഉപമുഖ്യമന്ത്രിയുടെ പ്രസ്താവനയെച്ചൊല്ലി ഇന്ന് പാർലമെൻറിൻറെ ഇരുസഭകളിലും പ്രതിഷേധമുയർന്നു. ബഹളത്തെത്തുടർന്ന് ലോക്സഭയിൽ സഭാനടപടികൾ രണ്ട് തവണ നിർത്തിവച്ചപ്പോൾ രാജ്യസഭ ഇന്നത്തേക്ക് പിരിയുകയായിരുന്നു. ധനകാര്യ ബിൽ 2025 ലോക്സഭ ഇന്ന് ചർച്ചയ്ക്കെടുത്തു. എണ്ണപ്പാടങ്ങളുടെ നിയന്ത്രണ -വികസന ഭേദഗതി ബിൽ ലോക്സഭ പാസാക്കി.

&&&&&&&&&&&&&&&&&&

### എം പിമാരുടെ ശമ്പളം

പാർലമെന്റ് അംഗങ്ങളുടെ ശമ്പളവും ആനുകൂല്യങ്ങളും വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറത്തിറക്കി. മാസ ശമ്പളം ഒരു ലക്ഷത്തിൽ നിന്ന് ഒരു ലക്ഷത്തി 24,000 രൂപയാക്കി വർദ്ധിപ്പിച്ചു. പ്രതിദിന അലവൻസ് 2,500 രൂപയാക്കി. പ്രതിമാസ പെൻഷൻ 25,000 രൂപയിൽ നിന്ന് 31,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 2023 ഏപ്രിൽ 1 മുതൽ മുൻകാല പ്രാബല്യത്തോടെയാണ് വർധന.

PNU TVPM

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 2

### മുഖ്യമന്ത്രി - ഹരിതകേരളം മിഷൻ(ഇൻട്രോ)

പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള കേരള വികസന മാതൃക അവതരിപ്പിക്കാൻ സാധിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഹരിതകേരള മിഷൻ പരിസ്ഥിതി സംഗമം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആഗോള താപനം, കാലാവസ്ഥാ വ്യതിയാനം എന്നിവയുടെ ദൂഷ്യവശങ്ങൾ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. (ഹോൾഡ് വോയ്സ്........)

&&&&&&&&&&&&&&&&&&&

**സപ്ലൈകോ റംസാൻ ഫെയർ**

സപ്ലൈകോയുടെ റംസാൻ ഫെയറുകൾക്ക് നാളെ തുടക്കം. സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജി.ആർ. അനിൽ നാളെ തിരുവനന്തപുരം ഫോർട്ട് പീപ്പിൾസ് ബസാറിൽ നിർവ്വഹിക്കും. ഈ മാസം 31 വരെയാണ് ഫെയർ. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പ്രത്യേക ഫെയറുകൾ സംഘടിപ്പിക്കും.

&&&&&&&&&&&&&&&&&&&

**ഹെഡ് ലൈൻ - 3**

**ലഹരി മുഖ്യമന്ത്രി(ഇൻട്രോ)**

സംസ്ഥാനത്ത് വർധിച്ചു വരുന്ന ലഹരി വ്യാപനത്തെ ചെറുക്കാൻ വിപുലമായ ജനകീയ ക്യാമ്പയിനുമായി സർക്കാർ. ക്യാമ്പയിനോടനുബന്ധിച്ച് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് രൂപരേഖ തയ്യാറാക്കാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഇന്ന് തിരുവനന്തപുരത്ത് ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......**

**(വോയിസ്)**

&&&&&&&&&&&&&&&&&&&

**ഓപ്പറേഷൻ ഡി ഹണ്ട്**

ഓപ്പറേഷൻ ഡി-ഹണ്ടിൻറെ ഭാഗമായി സംസ്ഥാനവ്യാപകമായി ഇന്നലെ നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ മയക്കുമരുന്ന് വിൽപ്പനയിൽ ഏർപ്പെടുന്നതായി സംശയിക്കുന്ന 2,997 പേരെ പരിശോധനയ്ക്ക് വിധേയമാക്കി. വിവിധതരത്തിലുള്ള നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 194 കേസുകൾ രജിസ്റ്റർ ചെയ്തു. 204 പേരാണ് അറസ്റ്റിലായത്.

&&&&&&&&&&&&&&&&&&&

**മന്ത്രി വി ശിവൻകുട്ടി**

RNU TVPM

സംസ്ഥാനത്ത് വാർഷിക പരീക്ഷ അവസാനിക്കുന്ന ദിവസം സ്കൂളുകളിൽ സംഘർഷം ഉണ്ടാകുന്ന തരത്തിൽ ആഘോഷപരിപാടികൾ പാടില്ലെന്ന് മന്ത്രി വി ശിവൻകുട്ടി. സ്കൂൾ പരിസരങ്ങളിൽ വാഹനങ്ങളിലുള്ള പ്രകടനവും അനുവദിക്കരുതെന്നും വിദ്യാഭ്യാസ ഓഫീസർമാരുടെ മേഖലാ യോഗങ്ങളിൽ അദ്ദേഹം നിർദേശം നൽകി. കുട്ടികൾക്ക് ലഹരി പദാർത്ഥങ്ങൾ ലഭിക്കുന്ന വഴികൾ
തടയേണ്ടത് കാലഘട്ടത്തിൻറെ ആവശ്യമാണെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 4

നിയമസഭ

സംസ്ഥാത്തെ ആരോഗ്യമേഖലയിലെ വിവിധ വിഷയങ്ങളിലെ ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്ന് പ്രതിപക്ഷ വാക്ക് ഔട്ട്. പ്രതിപക്ഷത്ത് നിന്ന് പി സി വിഷ്ണുനാഥാണ് നോട്ടീസ് നൽകിയത്. പകർച്ചവ്യാധികൾ തടയുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. ഒറ്റപ്പെട്ട ചില സംഭവങ്ങളെ മുൻ നിർത്തി ആരോഗ്യ മേഖലയെ ഇകഴ്ത്താൻ ശ്രമിക്കുന്നത് നിർഭാഗ്യകരമാണെന്ന് മന്ത്രി എം ബി രാജേഷ് മറുപടി നൽകി. മന്ത്രിയുടെ മറുപടിയെ തുടർന്ന് ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു.

RNU TVPM

&&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 5

RAJEEV CHANDRASEKHAR(INTRO)

മുൻ കേന്ദ്രസഹമന്ത്രി രാജീവ് ചന്ദ്രശേഖർ ബി ജെ പി സംസ്ഥാന അധ്യക്ഷനായി ചുമതലയേറ്റു. ഇന്ന് തിരുവനന്തപുരത്ത് ചേർന്ന ബി ജെ പി സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ കേന്ദ്ര നിരീക്ഷകൻ പ്രൾഹാദ് ജോഷിയാണ് ഔദ്യോഗിക പ്രഖ്യാപനം

നടത്തിയത്. വികസിത കേരളമാണ് ലക്ഷ്യമെന്നും കഴിവും നിക്ഷേപവും സംയോജിക്കുന്നതിലൂടെ ഇത് സാധ്യമാകുവെന്നും ശ്രീ രാജീവ് ചന്ദ്രശേഖർ പറഞ്ഞു.
(വോയിസ്)

&&&&&&&&&&&&&&&&&&

**വീണാ ജോർജ്.-ദേശീയ ഗുണനിലവാരം**

സംസ്ഥാനത്തെ 100 ആയുഷ് ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലെ ആയുർവേദ - സിദ്ധ – ഹോമിയോപ്പതി ഡിസ്പെൻസറികൾക്കാണ് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചത്. കേരളത്തിൻറെ ആരോഗ്യ ടൂറിസം രംഗത്തിന് ഇത് മുതൽക്കൂട്ടാകുമെന്നും ആരോഗ്യമന്ത്രി പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&

**ആശ വർക്കേഴ്സ് സമരം**

സംസ്ഥാനത്ത് ആശാ വർക്കർമാർ നടത്തുന്ന അനിശ്ചിതകാല നിരാഹാര സമരം അഞ്ചാം ദിവസത്തിലേക്ക് കടന്നു. നിരാഹാരമിരിക്കുന്ന മൂന്ന് ആശാ പ്രവർത്തകർക്ക് പിന്തുണയുമായി ആശമാർ സെക്രട്ടേറിയറ്റിന് മുന്നിൽ കൂട്ട ഉപവാസം ആരംഭിച്ചു. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കഴിഞ്ഞ 43 ദിവസമായി ആശ പ്രവർത്തകർ സമരത്തിലാണ്.

&&&&&&&&&&&&&&&&&&

**ഹെഡ് ലൈൻ - 6**

**ഐ പി എൽ**

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് ലക്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. വിശാഖപട്ടണത്ത് രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&

**ഖേലോ ഇന്ത്യ**

ഖേലോ ഇന്ത്യ പാരാ ഗെയിംസിൻറെ അഞ്ചാം ദിവസം, വിവിധ ഇനങ്ങളിൽ അത്‌ലറ്റുകൾ മികച്ച പ്രകടനം കാഴ്ച വച്ചു. ഭാരോദ്വഹനം 55 കിലോഗ്രാം വിഭാഗത്തിൽ സുമൻ ദേവി ,ജാസ്മിൻ മിച്ലിൻ , ഭാരതി അഗർവാൾ എന്നിവർ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കി. വിവിധ വിഭാഗങ്ങളിൽ ഗുൽഫാം അഹമ്മദ് ,സീമ റാണി, ജോബി മാത്യു എന്നിവർ സ്വർണ്ണവും വി. ശരവണൻ ,ഖട്ടൂൺ എന്നിവർ വെള്ളിയും ഗൗരവ്, എം. ഗദാധർ സാഹു, എന്നിവർ വെങ്കലവും സ്വന്തമാക്കി.

&&&&&&&&&&&&&&&&&&

<u>കോഴിക്കോട് മാനാഞ്ചിറ (ഇൻട്രോ)</u>

കോഴിക്കോട് മാനാഞ്ചിറയുടെ മുഖം മിനുക്കുന്നു. പ്രകൃതി സൗന്ദര്യ ആസ്വദിക്കാവുന്ന വിധത്തിൽ പരിഷ്കരിക്കുന്നതിനുള്ള വിപുലമായ പദ്ധതികളാണ് സംസ്ഥാന സർക്കാരും കോർപ്പറേഷനും ആവിഷ്കരിക്കുന്നത്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.....
(വോയിസ്)

RNU TVPM

&&&&&&&&&&&&&&&&&&

<u>മഹാമണ്ഡലേശ്വർ അമൃതപുരി സന്ദർശിച്ചു</u>

കുംഭമേളയിൽ മഹാമണ്ഡലേശ്വർ പദവിയിലെത്തിയ സ്വാമി ആനന്ദവനം ഭാരതി അമൃതപുരി സന്ദർശിച്ചു. രാവിലെ മാതാ അമൃതാനന്ദമയി മഠത്തിലെത്തിയ മഹാമണ്ഡലേശ്വർ സ്വാമി ആനന്ദവനം ഭാരതിയെ സന്ന്യാസിമാരും അന്തേവാസികളും ചേർന്ന് സ്വീകരിച്ചു.

&&&&&&&&&&&&&&&&&&

<u>അക്കലാസിയ കാർഡിയ</u>

അന്നനാളത്തിന്റെ ചലന ശേഷിക്കുറവ് മൂലം രോഗിക്ക് ഭക്ഷണം കഴിക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടാക്കുന്ന അക്കാലാസിയ കാർഡിയ എന്ന രോഗത്തിന് അതിനൂതന

ചികിത്സയുമായി കോഴിക്കോട് മെഡിക്കൽ കോളേജ്. ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിന് കീഴിൽ എൻഡോസ്കോപ്പി വഴിയാണ് ചികിത്സ നൽകിയത്. കേരളത്തിലെ ഗവൺമെൻറ് ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ആദ്യമായാണ് ഈ രീതിയിലുള്ള ചികിത്സ നടക്കുന്നത്.

&&&&&&&&&&&&&&&&&&

## കെ എൻ ബാലഗോപാൽ

ഒഇസി വിഭാഗങ്ങളിലെ വിദ്യാർഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണത്തിനായി 200 കോടി രൂപകൂടി അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. ഒഇസി, ഒബിസി (എച്ച്), എസ്ഇബിസി വിഭാഗങ്ങളുടെ 2021–22 മുതൽ ഈ വർഷം വരെയുള്ള സ്കോളർഷിപ്പ് തുക പൂർണമായും വിതരണം ചെയ്യുന്നതിന് ഈ തുക ലഭ്യമാക്കും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

RNI TVPM